ദി ഡിഫെൻഡർ

Vol. No. 10 Issue No. 24 RNI Reg. No. 68089 / 97 Published From Perumbavoor 2007 December 16 Price: Rs.100/- P.A.

# സാമച്ചനും ചാർലിയും ചേർന്ന് സൗദിക്കാരനെ വഴിയാധാരമാക്കി

കുപ്രസിദ്ധ കള്ളപ്രവാചകനായ സാമച്ചനും കോട്ടയത്ത് വ്യാജസുവിശേഷം പ്രചരിപ്പിച്ചു വരുന്ന ചാർലി എന്ന ചുമ്മാഡോയും ചേർന്ന് വിദേശ മലയാളിയെ വഴിയാധാരമാക്കി. കോടീശ്വരനായിരുന്ന ഈ ബിസിനസ്സുകാരൻ ഇപ്പോൾ എല്ലാം നഷ്ടപ്പെട്ട് സൗദിയിലെ വീട്ടിലിരിക്കുന്നു.

കള്ളപ്രവചനവുമായി ഊരുചുറ്റുന്നതിനിടയിൽ സാമച്ചനും ചാർലിയും സൗദിയിലെത്തി. പണമുള്ളവരോടാണല്ലോ ഇത്തരക്കാർക്കു പ്രിയം. അങ്ങനെ ഇവർ കോടീശ്വരനും ബിസിനസ്സുകാരനുമായ ഈ മാർതോമ്മാക്കാരനുമായി ലോഹ്യത്തിലായി. കള്ളപ്രവചനം പറഞ്ഞ് ഇവർ ഇദ്ദേഹത്തെ മയക്കി. ആത്മീയ വിഷയങ്ങളിൽ താല്പര്യമുള്ള ഇദ്ദേഹത്തെ ദൈവം അത്യുഗ്രമായി അനുഗ്രഹിക്കാൻ പോകയാണെന്നും പറഞ്ഞു. സന്തോഷം കൊണ്ട് മതിമറന്ന ഈ സാധു പ്രവാചകൻമാർക്ക് പണവും വിലപിടിപ്പുള്ള സാധനങ്ങളും വാരിക്കോരി കൊടുത്തു. അതിനനുസരിച്ച് പ്രവചനവും കൂടിവന്നു. ഒടുവിൽ ഈ മനുഷ്യനെ അവർ തകർത്തു.

ഈ മാർതോമ്മാക്കാരന്റെ കുടുംബാംഗങ്ങളുടെ പേരും മറ്റും മുൻകൂട്ടി അറിഞ്ഞിട്ട് വെളിപ്പാടുപോലെ അവതരിപ്പിച്ചാണ് സാമച്ചൻ തട്ടിപ്പിന് തുടക്കം കുറിച്ചത്. ഇദ്ദേഹത്തിലൂടെ ദൈവം യൂറോപ്പിൽ വലിയ ശുശ്രൂഷ ചെയ്യാൻ പോകുന്നു എന്നും പ്രവചിച്ചു. ഏറെ താമസിയാതെ യൂറോപ്പിൽ നിന്നും വിളിയുണ്ടാകും. ഉടൻ അങ്ങോട്ടു പോകണം. അതുകൊണ്ട് ബിസിനസ്സ് വിടുക.

സാമച്ചനും ചാർളിയും പറഞ്ഞതു സത്യമാണെന്നു ധരിച്ച് ഈ മനുഷ്യൻ ബിസിനസ്സ് വിട്ടു. യൂറോപ്പിലേക്കു പോകാനുള്ള കോട്ടും സൂട്ടും തയ്യാറാക്കി. സൗദിയിലെ വിസയും ക്യാൻസലാക്കി. അങ്ങനെ പറക്കാൻ റെഡിയായിരുന്നു. പക്ഷേ യൂറോപ്പിൽ നിന്നുള്ള വിളി വന്നില്ല. പ്രാർത്ഥനയുടെ കുറവുകൊണ്ടാണ് തടസ്സമുണ്ടായതെന്നായി സാമച്ചനും ചാർലിയും. അതുകൊണ്ട് ഉഗ്രമായി പ്രാർത്ഥിച്ചു. എന്നിട്ടും ഫലമുണ്ടായില്ല. ദൈവം വാക്കുപറയാത്ത കാര്യം നിവർത്തിച്ചു കൊടുക്കാനുള്ള ബാദ്ധ്യത ദൈവത്തിനില്ലല്ലോ. അതുകൊണ്ട് യൂറോപ്യൻ പരിപാടി ജലരേഖയായി.

താൻ കബളിപ്പിക്കപ്പെട്ടു എന്ന് ഈ സാധു മനസ്സിലാക്കിയത് വളരെ വൈകിയാണ്. അപ്പോഴേക്കും എല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. നന്നായി നടന്നുവന്ന ബിസിനസ്സ് ഇല്ലാതായി. വിസ പോലും കൈവശമില്ല. ബിസിനസ്സ് വീണ്ടും തുടങ്ങണമെങ്കിൽ പുറത്തേക്കിറങ്ങണം. പക്ഷേ പുറത്തേക്കിറങ്ങിയാൽ പോലീസ് പിടിക്കും. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ഈ സാധു മനുഷ്യൻ.

സാമച്ചൻ കള്ളനാണെന്ന് ഡിഫെൻഡർ നിരന്തരം പറഞ്ഞുകൊണ്ടിരിക്കയാണ്. എന്നിട്ടും ആയിരങ്ങൾ ചതിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ചില പെന്തക്കോസ്ത് പത്രങ്ങളാണ് ഈ കള്ളനെ ഇത്രയും വളർത്തിയത്.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു. വരിസംഖ്യ നൽകാത്തവരേയും കുടിശികയുള്ളവരേയും ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതാണ്. പുതുക്കിയ മെയിലിംഗ് ലിസ്റ്റ് അനുസരിച്ചാകും അടുത്തലക്കം മുതൽ ഡിഫെൻഡർ അയയ്ക്കുക. ഈ വിഷയവുമായി ബന്ധപ്പെട്ട് കത്തുകളും മറ്റും അയയ്ക്കുന്നതല്ല.

## ബൈബിൾ റേഡിയോ ജനപ്രിയമാകുന്നു

ഡിഫെൻഡർ 11-ാം വർഷത്തിലേക്കു കടന്നതിന്റെ ഭാഗമായി ആരംഭിച്ച ബൈബിൾ റേഡിയോയുടെ ജനപ്രീതി അനുദിനം വർദ്ധിക്കുന്നു. കഴിഞ്ഞ 15 ദിവസംകൊണ്ട് ആയിരത്തിലധികം ആളുകൾ ബൈബിൾ റേഡിയോയുടെ വെബ്സൈറ്റ് സന്ദർശിച്ചു കഴിഞ്ഞു. മാത്രമല്ല, നൂറുകണക്കിനു ശ്രോതാക്കൾ രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

ആത്മീകവർദ്ധനയ്ക്ക് ഉതകുന്ന പ്രോഗ്രാമുകൾ മാത്രമാണ് ബൈബിൾ റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നത്. ഉപദേശസത്യങ്ങൾ വളച്ചുകെട്ടില്ലാതെ തുറന്നു പറയുന്നു. വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ അടിസ്ഥാന പ്രമാണങ്ങൾ നിരന്തരം പഠിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും തമ്മിലുള്ള വ്യത്യാസമെന്തെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നു. വീണ്ടുംജനനം പ്രാപിക്കാത്തവരുടെ പ്രസംഗമോ പാട്ടോ മറ്റു പരിപാടികളോ ബൈബിൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നതല്ല. ചുരുക്കത്തിൽ കെ.സി.ജോണിന്റെ ചവർ ചാനൽ ചെയ്യുന്നതിന്റെ നേർവിപരീതമായ പ്രവർത്തനമാണ് ബൈബിൾ റേഡിയോ നടത്തുന്നത്.

ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്ക് 24 മണിക്കൂറും ബൈബിൾ റേഡിയോയിൽ നിന്നുള്ള പരിപാടികൾ കേൾക്കാവുന്നതാണ്. ബ്രോഡ്ബാന്റ് കണക്ഷൻ നിർബ്ബന്ധമല്ല. സാധാരണ മോഡം ഉപയോഗിച്ചുള്ള ഡയൽ അപ് കണക്ഷൻ മാത്രമുള്ളവർക്കും ബുദ്ധിമുട്ടുകൂടാതെ റേഡിയോ ശ്രവിക്കാവുന്നതാണ്. ബൈബിൾ റേഡിയോയുടെ വെബ് സൈറ്റായ www.thebibleradio.comൽ ആവശ്യമായ വിവരങ്ങളുണ്ട്. കൂടാതെ, ഡിഫെൻഡറിന്റെ വെബ് സൈറ്റായ www.tsbalan.comൽ നിന്നും ബൈബിൾ റേഡിയോയിലേക്കുള്ള ലിങ്കുമുണ്ട്.

## പ്രഭാതധ്യാനം ഇപ്പോൾ സൗജന്യനിരക്കിൽ ബുക്ക് ചെയ്യാം

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് പുരോഗമിക്കുന്നു. ഡിസംബർ അവസാനത്തോടെ ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. മുഖവില 1200 രൂപ. ഇപ്പോൾ പണമടച്ച് ബുക്ക് ചെയ്യുന്നവർ പ്രീപബ്ലിക്കേഷൻ നിരക്കായ 800 രൂപ മാത്രം നൽകിയാൽ മതിയാകും.

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വന്നിരുന്ന 100 പ്രസംഗങ്ങൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. മുൻകൂർ പണമടച്ച് ബുക്ക് ചെയ്തവർക്ക് സി.ഡികൾ അയച്ചു കഴിഞ്ഞു. ഈ സി.ഡികൾ ഇതുവരെ ബുക്ക് ചെയ്യാത്തവർ 900 രൂപ (പൂർണ്ണമായ വിലാസവും ഫോൺ നമ്പറും സഹിതം) താഴെ കാണുന്ന വിലാസത്തിൽ അയച്ച് ആവശ്യപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

# സായിപ്പിന്റെ കസ്തൂരിയുമായി ഷിബു പീടിയേക്കൽ രംഗത്ത്



സായിപ്പിന്റെ കസ്തൂരിയുമായി ഷിബു പീടിയേക്കൽ കേരളത്തിൽ എത്തിയിരിക്കുന്നു. ഈ വിദ്വാൻ തൃപ്പൂണിത്തുറയിൽ നടത്തിയ ഒരു പ്രസംഗത്തേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. അതിനുള്ള മറുപടിയായി ഷിബു ഇപ്രകാരം എഴുതി:

''ബാലന്, ഞാൻ ഷിബു പീടിയേക്കൽ. താങ്കളുടെ പ്രസിദ്ധീകരണത്തിൽ എന്നെ പരാമർശിച്ച് അപകീർത്തിപ്പെടുത്തുവാനുള്ള ശ്രമം ശ്രദ്ധയിൽ പെട്ടു. താങ്കൾ പരാമർശിച്ച പ്രസംഗം താങ്കൾ കേട്ടുവോ? പ്രസ്തുത പ്രസംഗത്തിന്റെ ആഡിയോ/വീഡിയോ ടേപ്പ് കൈവശമുണ്ടോ? ആരെങ്കിലും പറയുന്നതുകേട്ട് ചാടിപ്പുറപ്പെടരുത്. എല്ലാവരേയും ഒരുപോലെ അളക്കരുത്. ഞാൻ പറയുന്ന ഓരോ കാര്യത്തിനും എനിക്ക് വ്യക്തമായ ബോദ്ധ്യമുണ്ട്. തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ അവ തെളിയിക്കാനുള്ള പ്രാഗത്ഭ്യവും. തൃപ്പൂണിത്തുറ യോഗത്തിൽ എന്റെ പ്രസംഗത്തിന്റെ പത്താം മിനിട്ടു മുതൽ മൂന്നാം നിരയിലിരുന്ന ഒരു വയസ്സൻ ബൈബിളിൽ എന്തോ പരതുവാൻ തുടങ്ങി. 70 മിനിട്ടിനു ശേഷം അദ്ദേഹം എന്തോ വലിയ കണ്ടുപിടുത്തം നടത്തി പേന ഉപയോഗിച്ച് അടയാളപ്പെടുത്തുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. ആകെ 80 മിനിട്ടാണ് ഞാൻ പ്രസംഗിച്ചത്. ആദ്യത്തെ 10 മിനിട്ട് കഴിഞ്ഞ് ഞാൻ പറഞ്ഞ ഒരു കാര്യവും ടിയാൻ ശ്രദ്ധിച്ചില്ല. പിന്നീട് തന്റെ കണ്ടെത്തലുമായി അയാൾ എന്നെ കാണാൻ വന്നു. അയാൾ എന്റെ പ്രസംഗം മുഴുവൻ കേട്ടയാളല്ല. അയാൾ പറഞ്ഞ അറിവുവച്ചാണ് ബാലൻ എഴുതിയതെങ്കിൽ ബാലന് തെറ്റി. അപ്പാടെ തെറ്റി. അമേധ്യവും കസ്തൂരിയും തമ്മിൽ ഇക്കൂട്ടർ സാദൃശ്യമാണോ കണ്ടെത്തുക. ആർക്കറിയാം.''

കത്ത് ഒന്നാം തരമായിരിക്കുന്നു. ഈ കത്തിനുള്ള മറുപടി ഇതാണ്:

''നിങ്ങൾ പറയുന്ന വയസ്സനെ എനിക്കറിഞ്ഞുകൂടാ. എനിക്ക് വിവരംതന്ന വ്യക്തിക്ക് ഏകദേശം 35 വയസ്സേയുള്ളൂ. നല്ല വിദ്യാഭ്യാസമുണ്ട്. ഒരു കമ്പനിയിൽ ജോലിചെയ്യുന്നു. ദൈവവചനവും പഠിച്ചിട്ടുണ്ട്. ഇദ്ദേഹം ഷിബുവിന്റെ പ്രസംഗം മുഴുവനും ശ്രദ്ധിച്ചുകേട്ടു. എല്ലാം വിശദമായി എന്നോടു പറയുകയും ചെയ്തു.

സമൃദ്ധിയുടെ സുവിശേഷമാണ് ഷിബു പ്രസംഗിച്ചത്. ഈ വിഡ്ഢിത്തം പ്രസംഗിക്കുന്ന എല്ലാ വിവരദോഷികളും പറയുന്ന അസംബന്ധങ്ങൾ ഷിബുവും പറഞ്ഞു. ഈ അബദ്ധോപദേശം തിരുവചനാനുസൃതമുള്ളതാണെന്ന് ദൈവവചനം അറിയാത്തവരുടെ മുൻപിൽ തെളിയിക്കാനും കഴിഞ്ഞേക്കാം. പക്ഷേ ചോദ്യങ്ങളുമായി ആരെങ്കിലും എത്തിയാൽ ഷിബുവിനേപ്പോലുള്ളവർക്ക് ഉത്തരം മുട്ടും. അങ്ങനെയുള്ള ചിലത് തൃപ്പൂണിത്തുറയിലും നടന്നു എന്ന് ഷിബുവിന്റെ കത്തിൽ നിന്ന് മനസ്സിലാക്കാം. ഏതായാലും അജ്ഞാതനായ ആ വയസ്സനെ ഞാൻ അഭിനന്ദിക്കുന്നു.

കസ്തൂരിയുടെ സുഗന്ധവുമായാണ് ഷിബു എത്തിയതെന്നറിഞ്ഞതിൽ സന്തോഷം. ആ ഗന്ധം തൃപ്പൂണിത്തുറയിൽ നിന്നും പെരുമ്പാവൂരിലെത്തി. എന്റെ മൂക്കിന് വിശേഷിച്ചു കുഴപ്പമൊന്നുമില്ലാത്തതുകൊണ്ട് സാധനമെന്താണെന്ന് മനസ്സിലാക്കാനും കഴിഞ്ഞു. അതുകൊണ്ട് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഷിബുവിനോട് പറയട്ടെ: സായിപ്പിന്റെ സെപ്റ്റിക് ടാങ്കിൽ നിന്നും ശേഖരിച്ച ആ കസ്തൂരി കേരളത്തിൽ വാരിവിതറാനുള്ള പദ്ധതി ഉപേക്ഷിക്കുക. അതിനു തയ്യാറല്ലെങ്കിൽ വയസ്സൻമാർ മാത്രമല്ല ചെറുപ്പക്കാരും പ്രതികരിക്കും. അതുവേണോ ഷിബൂ?''

# മിസ്പക്കാരന്റെ തട്ടിപ്പ് വൻവിവാദത്തിലേക്ക്

ഐ.പി.സിയുടെ സെന്റർ പാസ്റ്ററും തൃശൂർ മിസ്പ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പാളുമായ ജോസഫ് ജോർജ് (രാജു) സുവിശേഷത്തിന്റെ മറവിൽ നടത്തിയ തട്ടിപ്പുകൾ വെളിച്ചത്താകുന്നു. അമേരിക്കൻ മലയാളിയായ സി.ഐ.ജോൺ എന്ന വ്യക്തിയെ കബളിപ്പിച്ചാണ് ഇയാൾ മിസ്പ ബൈബിൾ കോളേജ് കെട്ടിപ്പടുത്തത്. ഈ സ്വത്തുക്കൾ തട്ടിയെടുക്കാനായി ജോസഫ് ജോർജ് കഴിഞ്ഞവർഷം സി.ഐ.ജോണിനെ തട്ടിക്കൊണ്ടുപോകുകവരെ ചെയ്തു. ഈ പ്രശ്നം പരിഹരിക്കപ്പെട്ടു എന്നാണ് ജോസഫ് ജോർജ് പറയുന്നതെങ്കിലും ഈ അവകാശവാദം പച്ചക്കള്ളമാണ്. സി.ഐ.ജോണുമായുള്ള പ്രശ്നം നാളിതുവരെ പരിഹരിച്ചിട്ടില്ലെന്നു മാത്രമല്ല, കേസ്സ് കൂടുതൽ ഗുരുതരമാകുകയാണ്. വിശദ വിവരങ്ങൾ ആറാം പേജിൽ.

ദി ഡിഫെൻഡർ

Vol. No.10 Issue No. 24 2007 December 16

# ദൈവത്തെ കള്ളനാക്കുന്നവർ

ദൈവത്തിന്റെ നാമത്തിൽ വ്യാജവാഗ്ദാനങ്ങൾ നൽകി ജനവഞ്ചന നടത്തുകയും ദൈവത്തെ കള്ളനാക്കുകയും ചെയ്യുന്നവർ വർദ്ധിച്ചുവരുന്ന കാലമാണിത്. ദൈവം പറയാത്ത കാര്യങ്ങൾ പറഞ്ഞെന്നും ദൈവം വാഗ്ദത്തം ചെയ്യാത്ത കാര്യങ്ങൾ വാഗ്ദത്തം ചെയ്തെന്നും പറഞ്ഞ് ഇവർ സാധുക്കളെ കബളിപ്പിക്കുന്നു.

ഉണർവ്വു പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന ഒരുകൂട്ടം കള്ളൻമാരാണ് ഇവരിൽ പ്രമുഖർ. ഇതാ വരുന്നൂ അനുഗ്രഹം എന്നതാണ് ഇവരുടെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം. നിനക്കു ജോലിയില്ലേ? നല്ല വീടില്ലേ? കാറില്ലേ? രോഗിയാണോ? ഭാരപ്പെടേണ്ട. ഇതെല്ലാം ഇതാ കർത്താവ് തരാൻ പോകുന്നു. വിശ്വസിക്കുന്നവർ കൈകളുയർത്തി ഹാലേലൂയ്യാ പറഞ്ഞാട്ടെ. ഇനി അടുത്തിരിക്കുന്നവർക്കു കൈ കൊടുത്ത് പറ: ദൈവം നിനക്ക് എല്ലാം തരും. ഇതാണ് പ്രസംഗരീതി. ജോലിയില്ലാത്തവർക്കെല്ലാം ജോലി കൊടുക്കാമെന്ന് കർത്താവ് ഒരിക്കലും പറഞ്ഞിട്ടില്ല. നല്ല വീടും കാറും കൊടുക്കാമെന്ന് പറഞ്ഞിട്ടില്ല. എല്ലാ രോഗവും മാറ്റാമെന്നും വാഗ്ദത്തം ചെയ്തിട്ടില്ല. രോഗം, കഷ്ടത, ബുദ്ധിമുട്ട് തുടങ്ങിയവയെല്ലാം വിശ്വാസികൾക്കുണ്ടാകും. ലാസറിനേപ്പോലെ എന്നെന്നും പരമ ദരിദ്രനായി ജീവിക്കേണ്ടതായും വന്നേക്കാം. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്പ്പീൻ എന്നാണ് കർത്താവു പറഞ്ഞത്. അന്നന്നത്തെ അപ്പത്തിനായി പ്രാർത്ഥിക്കാനും പഠിപ്പിച്ചു.

വീണ്ടുംജനനം എന്നാൽ എന്തെന്നുപോലും മനസ്സിലാക്കിയിട്ടില്ലാത്ത മാർതോമ്മാക്കാരനെ ദൈവം യൂറോപ്പിലേക്ക് ദൈവവേലയ്ക്കായി അയയ്ക്കാൻ പോകുന്നു എന്നു പറഞ്ഞു കബളിപ്പിച്ച് വഴിയാധാരമാക്കിയവർ അക്ഷന്തവ്യമായ തെറ്റാണു ചെയ്തത്. പണമുള്ളവനോടു നല്ലകാര്യങ്ങൾ പ്രവചിച്ച് പണം തട്ടുന്നവർ ദൈവദാസൻമാരല്ല.

വീണ്ടുംജനനം പ്രാപിച്ചവർ, വീണ്ടുംജനനം പ്രാപിക്കാത്തവർ എന്നിങ്ങനെ രണ്ടുതരം മനുഷ്യർ മാത്രമേ ഈ ലോകത്തുള്ളൂ. എന്തെല്ലാം ഭക്തിപ്രകടനങ്ങൾ നടത്തിയാലും വീണ്ടും ജനനം പ്രാപിക്കാത്തവർ നിത്യനാശത്തിലേക്കാണ് പോകുന്നത്. ഈ വസ്തുത തുറന്നു പറയാതെ, മുഖസ്തുതി പറഞ്ഞ് സന്തോഷിപ്പിച്ച്, പണം തട്ടുന്നവർ ദൈവവുമായി ബന്ധമുള്ളവരല്ല. വീണ്ടുംജനനം പ്രാപിക്കാത്ത തിരുമേനിമാരെ ദൈവദാസൻമാരായി എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്ന പത്രക്കാരും സഭാനേതാക്കൻമാരും സാത്താന്റെ ദാസൻമാരാണ്. രക്ഷിക്കപ്പെടാത്ത രാഷ്ട്രീയക്കാരെ ക്ഷണിച്ചുകൊണ്ടുവന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്യിക്കുന്ന ക്രൂസേഡ് വീരൻമാർ ദൈവത്തെ അറിഞ്ഞിട്ടില്ല. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ദൈവനാമത്തിൽ വ്യാജവാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുന്നവരുടെ തനിനിറം തിരിച്ചറിയുക.

# സത്യം സത്യമായി

മുടിയൻ അച്ഛന് ഇതാ സുബോധം വന്നിരിക്കുന്നു. നിരുപാധികം തറവാട്ടിലേക്ക് മടങ്ങാനും തയ്യാർ. മാഡം ഒന്നു തലയാട്ടുക മാത്രമേ വേണ്ടൂ. പക്ഷേ മുടിയൻ പുത്രന് നാളിതുവരെ സുബോധം വന്നിട്ടുമില്ല.

പഴയ സംഭവങ്ങളൊന്നും മറക്കാറായിട്ടില്ല. പിതാവും പുത്രനും കൂടി എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്. എൽ.ഡി.എഫ് പിൻതുണയോടെ അസംബ്ലി തെരഞ്ഞെടുപ്പിൽ മത്സരിക്കാമെന്നും വലിയ രണ്ടാമത്തെ കക്ഷിയാകാമെന്നും അഞ്ചു വർഷം ഭരിക്കാമെന്നും മറ്റുമായിരുന്നു സ്വപ്നം. അഞ്ചു വർഷം ഭരിച്ചിട്ട് കോൺഗ്രസ്സിലേക്കു മടങ്ങാം. അങ്ങനെ കോൺഗ്രസ്സിലെ രാജാവാകാം. തുടർന്നുള്ള അഞ്ചു വർഷംകൂടി ഭരിക്കാൻ ബുദ്ധിമുട്ടുണ്ടാകില്ല. പക്ഷേ മനസ്സിൽ കണ്ടതെല്ലാം വടികുത്തി പിരിഞ്ഞു. ഇടതുപക്ഷം കൈവിട്ടു. മറ്റു പോംവഴിയില്ലാതെ യു.ഡി.എഫിൽ തിരിച്ചെത്തി. തെരഞ്ഞെടുപ്പിൽ തോറ്റു. വീണ്ടും മുന്നണി വിട്ടു.

എൻ.സി.ഐ ആയി തുടങ്ങി. പിന്നെ ഡി.ഐ.സി.കെ ആയി. ഏറെ താമസിയാതെ എൻ.സി.പിയിൽ ലയിച്ച് ഇല്ലാതായി. ഇപ്പോൾ അപ്പനും മകനും രണ്ടു തട്ടിലുമായി. ഇരുപക്ഷത്തിന്റേയും അനുയായികൾ തമ്മിൽ തെരുവുയുദ്ധം നടക്കുന്നു. ഇത്ര ഗതികെട്ട മറ്റൊരു കുടുംബം ഈ ഭൂമിമലയാളത്തിൽ വേറെ ഉണ്ടാകില്ല.

എന്തൊക്കെ കുറ്റം പറഞ്ഞാലും മുരളി പറയുന്നതിൽ അല്പം കാര്യമുണ്ട്. കോൺഗ്രസ്സ് വിട്ടുപോന്ന കാലത്തേതിനേക്കാൾ എന്തു വ്യത്യാസമാണ് ഇപ്പോഴുള്ളത്? സംഘടനാതെരഞ്ഞെടുപ്പു നടത്തിയോ? കോൺഗ്രസ്സിന്റെ പ്രവർത്തനശൈലി മാറ്റിയോ? നേതാക്കൻമാർ മാറിയോ? മദാമ്മ മാനസാന്തരപ്പെട്ടോ? ഒരു മാറ്റവുമില്ല. പിന്നെ എന്തു ന്യായം പറഞ്ഞാണ് കോൺഗ്രസ്സിലേക്കു മടങ്ങുക? മടങ്ങിചെന്നാൽ എന്താണ് കിട്ടാൻ പോകുന്നത്? ലീഡർജിക്ക് ഒരു ഗവർണ്ണർസ്ഥാനം അല്ലെങ്കിൽ ഒരു സ്ഥിരം ക്ഷണിതാവെന്ന സ്ഥാനം. അത്രല്ലാതെ ഒന്നും കിട്ടില്ല. ഇതൊക്കെ പണ്ടും കിട്ടുമായിരുന്നു. പുതിയ പാർട്ടി ഉണ്ടാക്കുകവരെ ചെയ്യേണ്ടിയിരുന്നില്ല. ഏതെങ്കിലും ഒരു മുന്നണിയിൽ ഇടം കണ്ടെത്താതെ നിലനിൽപ്പില്ല എന്നതു ശരിതന്നെ. പക്ഷേ മുന്നണിയിൽ കയറിക്കൂടി അധികാരത്തിലെത്താനായിരുന്നോ ഈ തത്രപ്പാടൊക്കെ? ഏതായാലും ഇത്ര വലിയ ഗതികേട് കേരളത്തിലെ ഒരു പാർട്ടിക്കും ഉണ്ടായിട്ടില്ല.

രണ്ടു മുട്ടയും ഒരുഗ്ലാസ് പാലുമുണ്ടെങ്കിൽ കുശാൽ. കൂടെ അല്പം കോഴിക്കറികൂടിയുണ്ടെങ്കിൽ ബഹുത്ത് അഛാ. പറയുന്നത് ഭക്ഷ്യമന്ത്രിയാകുമ്പോൾ അർഹിക്കുന്ന ഗൗരവത്തിൽ എടുക്കണം. ഈ പറഞ്ഞതൊക്കെ ഉണ്ടാക്കണമെങ്കിൽ കുറഞ്ഞത് 50 രൂപയെങ്കിലും വേണം. എന്നാൽ അരിയുടെ കാര്യമോ? ഒരുകിലോ അരിക്ക് ഏക ദേശം 20 രൂപയാണ് വില. അത് നാലുപേർക്ക് മതിയാകും. അപ്പോൾ അഞ്ചു രൂപയുടെ അരിയും അഞ്ചു രൂപയുടെ കറിയും ഉണ്ടെങ്കിൽ കാര്യം ശുഭം. അതിനു പകരമായി 50 രൂപ മുടക്കിയാൽപോരെ എന്നാണ് മന്ത്രി ചോദിക്കുന്നത്. ഈ വിദ്വാനെ ഭക്ഷ്യമന്ത്രിയാക്കിയവരെ പറഞ്ഞാൽ മതിയല്ലോ.

സി.പി.ഐ.എമ്മിന്റെ ജില്ലാ സമ്മേളനങ്ങൾ നടക്കുകയാണ്. വിഭാഗീകത അശ്ശേഷമില്ല. ഉണ്ടെന്നു പറയുന്ന നുണയൻമാരെ സഖാക്കൾ വെറുതെ വിടുകയുമില്ല. മലപ്പുറം ജില്ലാ സമ്മേളനം തന്നെ നല്ല ഉദാഹരണം. വിഭാഗീകതയുണ്ടെന്നു പറഞ്ഞ മാദ്ധ്യമപ്രവർത്തകരെ സഖാക്കൾ തികഞ്ഞ ഐക്യത്തോടെ കൈകാര്യം ചെയ്തു. പ്രസ്സ് ക്ലബ് തല്ലിത്തകർത്തു. വിഭാഗീകത ഇല്ലെന്നതിന് ഇതിൽപ്പരം തെളിവെന്തുവേണം?

കേരള കോൺഗ്രസ്സുകളുടെ ഐക്യവേദി ഉണ്ടാകാൻ പോകുന്നത്രേ. പക്ഷേ ഒരു പ്രശ്നം: ആകെ മൊത്തം ടോട്ടൽ എത്ര കേരള കോൺഗ്രസ്സുകളുണ്ട്? മാണി, ജോസഫ്, ജേക്കബ്, പിളള, നമ്പാടൻ, ഈപ്പൻ, ജോർജ്, തോമസ് .... അങ്ങനെ കുറെ ഏറെയുണ്ട്. ഇതിൽ നമ്പാടൻ സി.പി.എമ്മിൽ ലയിച്ച് ഇല്ലാതായി. ഈപ്പൻ വിഭാഗം ഉണ്ടോ ആവോ? പി.സി.തോമസ് വിഭാഗം ഇപ്പോൾ ജോസഫ് ഗ്രൂപ്പിൽ പാർക്ക് ചെയ്യുന്നു. മാണി, ജോർജ്, ജേക്കബ്, പിളള വിഭാഗങ്ങളാണ് ലയിക്കാൻ പദ്ധതിയിടുന്നത്. ലയനം എത്ര ദിവസത്തേക്കാണെന്നുകൂടി മുൻകൂട്ടി പ്രഖ്യാപിച്ചാൽ കാര്യം കൂടുതൽ എളുപ്പമാകും. കാരണം, കേരളാ കോൺഗ്രസ്സിന് പിളരാതിരിക്കാൻ പറ്റില്ല. എത്ര ലയിച്ചാലും പിളരും.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്കു വിട്ടാൽ ന്യൂനപക്ഷാവകാശം തകരുമത്രേ. എങ്ങനെ? കോഴ വാങ്ങി നിയമനം നടത്താനുള്ള അവകാശത്തെയാണോ ന്യൂനപക്ഷാവകാശം എന്നു പറയുന്നത്? ശമ്പളം കൊടുക്കുന്നത് സർക്കാർ. അതിനായി ഉപയോഗിക്കുന്നത് നികുതിദായകന്റെ പണം. പക്ഷേ ആരെ നിയമിക്കണമെന്ന് മാനേജ്മെന്റ് തീരുമാനിക്കും. ഏറ്റവും വലിയ തുക കൊടുക്കുന്നവനെ നിയമിക്കും. സർക്കാർ ശമ്പളം കൊടുത്തുകൊള്ളണം. നല്ല ന്യായം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

__വാർഷിക വരിസംഖ്യ__

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# നിങ്ങൾക്കും ഉണർവ്വുപ്രസംഗകനാകാം

കഠിനാധ്വാനം ചെയ്യാതെ പണമുണ്ടാക്കാനാവില്ല എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ കാര്യമായ ഒരു അധ്വാനവും കൂടാതെ പണമുണ്ടാക്കാനുള്ള എളുപ്പവഴിയാണ് സുവിശേഷവേല. ദൈവനാമത്തിൽ പച്ചക്കള്ളം പറയാൻ ധൈര്യമുള്ള ആർക്കും വലിയ ബുദ്ധിമുട്ടു കൂടാതെ പണക്കാരനാകാം.

ദൈവവചനത്തിൽ കാര്യമായ പരിജ്ഞാനമൊന്നുമില്ലാത്ത ആളാണ് നിങ്ങൾ എന്നിരിക്കട്ടെ. വിശേഷിച്ച് കൃപകളോ കൃപാവരങ്ങളോ ഇല്ലതാനും. വിദ്യാഭ്യാസവും കമ്മി. ആകെക്കൂടി ''ഗുഡ് ഫോർ നത്തിംഗ്'' എന്നതാണ് സ്ഥിതി. പക്ഷേ പച്ചക്കള്ളം പറയാൻ നിങ്ങൾക്കു ധൈര്യമുണ്ടെങ്കിൽ, എന്തു വേഷവും കെട്ടാനുള്ള ചങ്കൂറ്റമുണ്ടെങ്കിൽ ഏതാനും വർഷങ്ങൾക്കകം നിങ്ങൾക്ക് കോടീശ്വരനാകാം. അറിയപ്പെടുന്ന ഉണർവ്വു പ്രസംഗകനാകാം. സംഗതി സിമ്പിൾ.

1. സമൃദ്ധി പ്രസംഗിക്കുക.

ബൈബിളിൽ എന്തു തന്നെ പറഞ്ഞിരുന്നാലും നിങ്ങൾ സമൃദ്ധിയുടെ ഉപദേശം മാത്രം പ്രസംഗിക്കുക. അതിന് സഹായകമായ നൂറു വാക്യങ്ങളെങ്കിലും റഫറൻസ് സഹിതം നല്ല സ്പീഡിൽ പറയാൻ പഠിക്കണം. ഈ വാക്യങ്ങളിൽ ഏതെങ്കിലും ആധാരമാക്കിമാത്രം പ്രസംഗിക്കുക. ഇതുപോലുള്ള മറ്റു വാക്യങ്ങളും പറയണം. ഹാലേലൂയ്യാ, സ്തോത്രം തുടങ്ങിയവ പെരുമഴ പോലെ പെയ്തിറങ്ങണം.

2. ഓടിനടക്കുക.

ഒരിടത്ത് അടങ്ങിനിന്ന് പ്രസംഗിക്കരുത്. വെരുകിനേപ്പോലെ, സ്റ്റേജുമുഴുവൻ ഓടി നടന്നു പ്രസംഗിക്കണം. ഇടയ്ക്ക് നിലത്തു ചവിട്ടണം.

3. ഇടയ്ക്കൊക്കെ ഓരോ വാക്യങ്ങൾ ശ്രോതാക്കളേക്കൊണ്ട് ഏറ്റു ചൊല്ലിക്കണം. അടുത്തിരിക്കുന്നവർ അന്യോന്യം ഷേക്ക് ഹാന്റ് ചെയ്ത് പറയുക എന്നു പറഞ്ഞ് ഓരോ വാചകങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യണം.

4. ബൈബിളിലെ ഏതെങ്കിലും ഒരു വാഗ്ദത്തം മൈക്കിൽക്കൂടി അലറണം. അത് വിശ്വസിക്കുന്നവർ കൈ ഉയർത്തി ഹാലേലൂയ്യാ പറയാൻ ആവശ്യപ്പെടണം. പുട്ടിന് പീരപോലെ ഇത് തുടരണം.

5. പണം കൊടുത്താൽ ദൈവം അനുഗ്രഹിക്കുമെന്ന് നിരന്തരം പറയണം. പണം കൊടുത്ത് അനുഗ്രഹം പ്രാപിച്ചവരുടെ കഥകൾ ഉണ്ടാക്കി പറയണം.

6. ഇടയ്ക്ക് ചില രോഗികളുടെ പേരും രോഗവും മറ്റും വിളിച്ചു പറയണം. മറിയാമ്മേ, നിന്റെ വയറ്റിൽ വേദന ഇതാ സൗഖ്യമാകുന്നു, ശോശാമ്മേ നിന്റെ തലവേദന ഇതാ മാറുന്നു, മകന്റെ വഴിപിഴച്ച പോക്കിനെ ഓർത്ത് ദു:ഖിച്ചിരിക്കുന്ന സാറാമ്മക്ക് ഇതാ കർത്താവ് മറുപടി തരുന്നു എന്നൊക്കെ പറയണം. യോഗത്തിന്റെ അവസാനഭാഗമാകുമ്പോൾ രോഗസൗഖ്യം നേടിയവരെ സ്റ്റേജിലേക്ക് വിളിക്കണം. ഒന്നിലധികം മറിയാമ്മയും ശോശാമ്മയും സാറാമ്മയും വരുമെന്നതുമാത്രമാണ് പ്രശ്നം.

7. ഇടയ്ക്കൊക്കെ വിദേശ പര്യടനം നടത്തണം. തന്നിലൂടെ നടന്ന അത്ഭുതങ്ങളേക്കുറിച്ച് വർണ്ണിക്കണം. കീശ നിറയും, ഉറപ്പ്.

8. ആണ്ടിൽ ഒരു ക്രൂസേഡെങ്കിലും നടത്തണം. സുരേഷ് ബാബു, എം.എ.വർഗീസ്, മനു മേനോൻ, നോബിൾ, കെ.എ.ഏബ്രഹാം തുടങ്ങിയവരായിരിക്കണം പ്രസംഗകർ. ദൈവവചനം അറിയാവുന്ന പ്രസംഗകരെ വിളിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ചുറ്റുപാടുമുള്ള എല്ലാ പെന്തക്കോസ്ത് സഭകളിലേയും പാസ്റ്റർമാരെ വിളിച്ചുവരുത്തി കമ്മറ്റി ഉണ്ടാക്കണം. പാസ്റ്റർമാരെ കൺവീനർമാരാക്കിയാൽ അവർ മുൻപന്തിയിൽ നിന്നുകൊള്ളും. നാടു നീളെ നടന്ന് പിരിക്കണം. കൂടാതെ യോഗത്തിൽ സ്ത്രോത്രക്കാഴ്ച എടുക്കണം. കസേരയിൽ ഇരിക്കുന്നതിന് അഞ്ചുരൂപ വീതം പ്രത്യേകം വാങ്ങാം. പകൽ ഒരു ഫയർ കോൺഫ്രൻസ് കൂടി ആയാൽ ആ വകയിലും പണം വാരാം. ക്രൂസേഡ് കഴിയുമ്പോൾ നല്ലൊരുതുക പോക്കറ്റിൽ മിച്ചമുണ്ടാകും.

ഇതിനൊക്കെ ഇറങ്ങിപ്പുറപ്പെടുന്നതിനു മുൻപായി തൊലി രജിസ്റ്റർ ചെയ്യുക. കർത്താവിനെ ഉപേക്ഷിക്കുക. മാമ്മോനെ സ്വീകരിക്കുക. പണക്കാരെ സ്നേഹിക്കുക. പാവപ്പെട്ടവനെ വെറുക്കുക. ഏറെ താമസിയാതെ നിങ്ങൾ കോടീശ്വരനായിരിക്കും.



# ഡിഫെൻഡർ മറുപടി പറയുന്നു

**?** യേശുക്രിസ്തുവിന് പാപം ചെയ്യാൻ കഴിയുമായിരുന്നു എന്നും മറ്റും പഠിപ്പിക്കുന്ന ഒരു പുസ്തകം കാണുവാൻ ഇടയായി. ഇത് ശരിയായ ഉപദേശമാണോ?

■ കേൾക്കുന്നവരെ മറിച്ചുകളയുന്നതിനല്ലാതെ മറ്റൊന്നിനും കൊള്ളാത്ത വാഗ്വാദം എന്ന് പൗലോസ് പറയുന്നത് ഇത്തരത്തിലുള്ള ഉപദേശങ്ങളേയാണ്. ഇവ ഉപേക്ഷിക്കണം.

ഒന്നാം നൂറ്റാണ്ടിൽ ജ്ഞാനവാദക്കാർ എന്നൊരു കൂട്ടരുണ്ടായിരുന്നു. യഥാർത്ഥ ദൈവത്തിന് ഈ ലോകവുമായി ഒരു ബന്ധവുമില്ലെന്നും യഥാർത്ഥ ദൈവമല്ല ഈ ലോകം സൃഷ്ടിച്ചതെന്നും മറ്റുമായിരുന്നു ഇവരുടെ വാദം. സത്യദൈവത്തിന് ദ്രവ്യവുമായി ഒരു ബന്ധവുമില്ല. കാരണം ദ്രവ്യം അശുദ്ധമാണ്. ദൈവം തന്നേക്കാൾ ശക്തിയും വിശുദ്ധിയും കുറഞ്ഞ മറ്റൊരു ദൈവത്തെ സൃഷ്ടിച്ചു. ആ ദൈവം തന്നേക്കാൾ മോശക്കാരനായ മറ്റൊരു ദൈവത്തെ സൃഷ്ടിച്ചു. ഇങ്ങനെ അനേക ദൈവങ്ങളുണ്ടായി. ഒടുവിൽ യഹോവയുണ്ടായി. യേശു ക്രിസ്തു യഹോവയുടെ പുത്രനാണ്. യഹോവയും യേശുവും യഥാർത്ഥ ദൈവമല്ല ദൈവത്തിൽ നിന്നും വളരെ അകന്നവരാണ്, അശുദ്ധരുമാണ്. യഹോവയായ ദൈവത്തിന് ലോകം സൃഷ്ടിക്കാൻ കഴിഞ്ഞത് ഈ കാരണത്താലത്രേ, അവർ പറയുന്നു.

യഥാർത്ഥ ദൈവത്തിനും ക്രിസ്തുവിനും ഇടയിൽ അനേക ദൈവങ്ങളുണ്ട്. ഇവയേക്കുറിച്ചാണ് അന്തമില്ലാത്ത വംശാവലികൾ എന്നു പറഞ്ഞിരിക്കുന്നത്. ദൈവത്തിനും മനുഷ്യനും ഇടയിൽ യേശുവല്ലാതെ മറ്റാരുമില്ല എന്നു പറയാനും ഇതാണ് കാരണം. ഇങ്ങനെ കടുത്ത ദുരുപദേശം പറയുന്നവർ അക്കാലത്തുണ്ടായിരുന്നു. ജ്ഞാനമെന്നു വ്യാജമായി പേർപറയുന്ന ഈ ദുരുപദേശത്തിന്റെ തർക്കസൂത്രങ്ങളേക്കുറിച്ചും പൗലോസ് പറയുന്നുണ്ട്. ഇത്തരം അർത്ഥശൂന്യമായ വാഗ്വാദങ്ങൾ ആർക്കും ഒരു ഗുണവും ചെയ്യുകയില്ല.

യേശുക്രിസ്തുവിന് പാപം ചെയ്യാമായിരുന്നു എന്നിരിക്കട്ടെ. അതുകൊണ്ട് നമുക്ക് എന്തു ഗുണമാണുണ്ടാകുക? ആ വകയിൽ വിശേഷിച്ച് പാപക്ഷമയോ മറ്റോ നമുക്കു ലഭിക്കുമോ? ഇത്തരമൊരു വിഷയത്തേക്കുറിച്ച് വെറുതെ വാദപ്രതിവാദം നടത്തുന്നതുകൊണ്ട് ദോഷമല്ലാതെ ഗുണമുണ്ടാകുകയില്ല.

നമ്മുടെ ബുദ്ധിക്ക് ഉൾക്കൊള്ളാനാകാത്ത ഒട്ടേറെ കാര്യങ്ങൾ യേശുവിലുണ്ട്. ചില ഉദാഹരണങ്ങൾ:

ബത്‌ലഹേമിലെ പുൽക്കൂട്ടിൽ കിടന്ന സമയത്ത് യേശുവിന് ഭാഷ മനസ്സിലാകുമായിരുന്നോ? ഇല്ലായിരുന്നു എങ്കിൽ യേശു പൂർണ്ണ ദൈവമാകുന്നതെങ്ങനെ? മനസ്സിലാകുമായിരുന്നു എങ്കിൽ യേശു പൂർണ്ണ മനുഷ്യനല്ലായിരുന്നു എന്നു പറയേണ്ടതായി വരും. യേശുവിന് ലൈംഗിക വികാരമുണ്ടായിരുന്നോ? ഇല്ലെങ്കിൽ യേശു പൂർണ്ണ മനുഷ്യനായിരുന്നു എന്ന് എങ്ങനെ പറയാൻ കഴിയും? യേശുവിന് വിവാഹം കഴിക്കാനും പിതാവാകാനും കഴിയുമായിരുന്നോ? പിതാവായിരുന്നെങ്കിൽ യേശുവിന്റെ കുട്ടികൾ അതിമാനുഷർ-ദൈവമക്കൾ-ആകുമായിരുന്നോ? ഇത്തരം ഒട്ടേറെ വിവരംകെട്ട ചോദ്യങ്ങൾ ചോദിക്കാൻ കഴിയും.

ഈ ചോദ്യങ്ങൾക്കൊന്നും തൃപ്തികരമായ മറുപടി പറയാൻ ആർക്കും കഴിയുന്നതല്ല. കാരണം ദൈവം ഇതൊക്കേയും മറച്ചു വെച്ചിരിക്കുന്നു. നമ്മുടെ ബുദ്ധിക്ക് എത്താത്ത വൻകാര്യങ്ങളാണിവയൊക്കെ. എത്ര ശ്രമിച്ചാലും ഉത്തരം കണ്ടെത്താനാവാത്തവ. ഇവയുടെ പിന്നാലെ നടന്ന് ജീവിതം പാഴാക്കരുത്.

കർത്താവായ യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നു. യേശുവിന് വിശന്നു, യേശുവിന് ദാഹിച്ചു, യേശു കോപിച്ചു, യേശു കരഞ്ഞു. ഇവയൊക്കെ സംഭവിക്കുമ്പോഴും യേശു പൂർണ്ണ ദൈവമായിരുന്നു. ഇത്രയുമൊക്കെ കാര്യങ്ങൾ നേരേചൊവ്വേ മനസ്സിലാക്കുക. അതിൽ അധികമായി ഒന്നും യേശുവിനേക്കുറിച്ച് അറിയേണ്ടതില്ല. അറിയാൻ ശ്രമിച്ചാൽ എന്തെങ്കിലും ദുരുപദേശത്തിൽ ചെന്നുചേരും.

നമുക്കു മനസ്സിലാകാത്ത ഒട്ടേറെ കാര്യങ്ങളുണ്ട്. അവയെല്ലാം മനസ്സിലാക്കിയേ അടങ്ങൂ എന്നു ശഠിക്കരുത്. ഒരു സംശയമുണ്ടാകുമ്പോൾ ''ഈ ചോദ്യത്തിനുള്ള ഉത്തരം അറിയേണ്ടത് എന്റെ ആത്മീയ ജീവിതത്തിന് തികച്ചും ആവശ്യമാണോ'' എന്ന് സ്വയം ചോദിക്കുക. ആണ് എന്ന ഉത്തമാണ് ലഭിക്കുന്നതെങ്കിൽ തീർച്ചയായും ഉത്തരം കണ്ടെത്തുക. വീണ്ടുംജനനം പ്രാപിക്കണോ, സ്നാനപ്പെടണോ, വിശുദ്ധജീവിതം ചെയ്യണോ, കർത്താവ് മടങ്ങി വരുമോ എന്നൊക്കെയുള്ള ചോദ്യങ്ങൾ ഈ വിധത്തിലുള്ളവയാണ്. അല്ല എന്നാണ് മറുപടിയെങ്കിൽ അത്തരം സംശയങ്ങൾക്ക് ഉത്തരം തേടി അലയേണ്ട ആവശ്യമില്ല. യേശുക്രിസ്തുവിന് പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്ന ചോദ്യം ഇത്തരത്തിലുള്ളതാണ്.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# മിസ്പയിലെ തട്ടിപ്പ്: ചില വസ്തുതകൾ

പെന്തക്കോസ്തിൽ തട്ടിപ്പുകാർക്കു പഞ്ഞമില്ല. വിദേശമലയാളികളെയാണ് പെന്തക്കോസ്ത് പാസ്റ്റർമാർ സാധാരണയായി കബളിപ്പിക്കുന്നത്. ഈ വിധത്തിൽ തട്ടിപ്പു നടത്തി പണക്കാരനായ ഒരാളാണ് ഐ.പി.സിയുടെ തൃശൂർ സെന്റർ പാസ്റ്റർമാരിൽ ഒരാളായ ജോസഫ് ജോർജ് എന്ന രാജു. മിസ്പാ ബൈബിൾ കോളേജ് എന്ന പേരിൽ ഇയാൾ നടത്തുന്ന സ്ഥാപനം ഈ വിധത്തിൽ തട്ടിപ്പും വെട്ടിപ്പും നടത്തി ഉണ്ടാക്കിയതാണ്. ഈ പ്രസ്ഥാനത്തിനു വേണ്ടി പണം മുടക്കിയത് അമേരിക്കൻ മലയാളിയായ സി.ഐ. ജോൺ എന്നൊരാളാണ്.

മിസ്പയുടെ സ്വത്തുക്കൾ തട്ടിയെടുക്കാൻ രാജു നടത്തിയ ശ്രമങ്ങൾ മുൻകൂട്ടി കണ്ട് സി.ഐ.ജോൺ ചില നടപടികളൊക്കെ സ്വീകരിച്ചു. അതോടെ രാജു കോപിച്ചു. ചില ഗുണ്ടകളുടെ സഹായത്തോടെ രാജു സി.ഐ.ജോണിനെ തട്ടിക്കൊണ്ടു പോകുകവരെ ചെയ്തു. സ്വത്തുക്കൾ ബലമായി എഴുതി വാങ്ങുകയായിരുന്നു ലക്ഷ്യം. എന്നാൽ സി.ഐ.ജോണിന്റെ ചില സുഹൃത്തുക്കളുടെ സമയോചിതമായ ഇടപെടൽ മൂലം കിഡ്നാപ്പിംഗ് പരാജയപ്പെട്ടു.

ഈ പ്രശ്നമെല്ലാം പറഞ്ഞുതീർത്തെന്നും ഇപ്പോൾ സി.ഐ.ജോണുമായി പ്രശ്നമൊന്നുമില്ലെന്നുമാണ് രാജു പ്രചരിപ്പിക്കുന്നത്. എന്നാൽ സത്യമതല്ല. ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല ഇപ്പോൾ കൂടുതൽ ഗുരുതരമാകുകയുമാണ്.

ഈ സംഭവത്തോടുള്ള ബന്ധത്തിൽ സി.ഐ.ജോൺ വിവിധ കേസ്സുകൾ കൊടുത്തിരുന്നെങ്കിലും രാജുവിന്റെ സ്വാധീനം നിമിത്തം അവയൊന്നും മുൻപോട്ടു പോയില്ല. അതുകൊണ്ട് ഇനി കേസ്സുണ്ടാകുകയില്ല എന്നു



കരുതി ആശ്വസിച്ചിരിക്കയാണ് രാജു. പക്ഷേ സി.ഐ.ജോൺ ഈ പ്രശ്നം അങ്ങനെ വിട്ടുകളയാൻ തയ്യാറല്ല. ബാംഗ്ലൂരിലുള്ള എസ്.ജി.റാവു എന്ന വക്കീൽ വഴിയായി ഇന്ത്യൻ പ്രസിഡന്റിനും മറ്റ് നിരവധി ആളുകൾക്കും സി.ഐ. ജോൺ പരാതി കൊടുത്തുകഴിഞ്ഞു. (സി.ഐ.ജോൺ ഇന്ത്യൻ പ്രസിഡന്റിനു കൊടുത്ത പരാതി താഴെ കൊടുക്കുന്നു).

I write as hereunder under the instruction of my client, Sri C.I.John, 54 years, S/o. Sri Idiculla Baby, resident of Chakkulath House, Kottanad Village, Desom, Ranni Taluk, Pathanamthitta Dist. Kerala State, with great respect to appraise Your Excellency's conscience and to beseech Your Excellency to use your benevolent offices to prevail on the Govt. of the Kerala State to take appropriate, necessary and expedient action against the Station House Officer and other Police Officials of the Manuthy Police Station, Thrissur, Kerala by dispensing with their services for their not taking any action on the complaint to them by my client and for filing before the Third Judicial Magistrate First Class a False B-Report and further to depute other officers of integrity to take proper and necessary action and to reopen the case of my client.

My client is having dual Citizenship of India & the United States of America and now residing in New York in the said United States. He along with his wife and other friends created the Ministry of Immanuel, raised huge funds from time to time from out of their own sources and from their friends. My Client started and is the Director and Founder of the Misba Bible College, situated at Thrissure in the State of Kerala. He along with his wife and others sent funds from time to time to 1) Sri Joseph George, S/o. George, aged about 48 years, resident of Ariyatti House , Misba Bible College, Kalathode, Thrissur, Kerala, having appointed him as the Principal of the said College. My client also purchased immovable properties in the said Thrissure Dist. by using his name along with the names of the others, for the purpose of the said college.

My Client, as aforesaid, is residing in New York and recently came to know that the said Joseph George mismanage the said college, the said funds and the properties purchased for the said college and misappropriated not only the Corpus but also the income arising there from, for his own benefit and the benefit of his family members, without any regard for the proper management and smooth functioning of the said college.

During his visit to India in the month of Feb. 2007, my client prevailed upon the said Joseph George to render to him true and proper accounts or otherwise the financial assistance rendered by my client from time to time would be stopped. On 3-2-2007 when my client reached Kalathode town to go to the said Misba Bible College, the said Joseph George and the 2 teachers of the said college and the brother-in-law of the said Joseph George, all kidnapped my client from the Railway Station, locked and wrongfully confined and detained him in a room of a'said college for more than 2 hours and tortured him to render financial assistance as earlier and threatened him with dire consequences to his life in case he, my client, were to stop financial assistance to this college.

In this regard my Client had lodged complaint with the jurisdictional Manuthy Police Station regarding the above matter and the said Police, deliberately and in active collusion with the said Joseph Jeorge did not at all take any action, even to the extent of registering the complaint under a F.I.R. Therefore my Client made a complaint to the Jurisdictional III Judicial Magistrate I Class at Thrissur who had referred the matter to the said Manuthi Police Station for proper investigation as provided under section 156 of the code of criminal procedure and directed them to file a report thereon.

It is understood that even without investigation of any sort whatsoever, the police officers in charge of the said Manuthi Police Station have filed a report that no such offence as above had ever been committed by the said Joseph Jeorge and his accomplishes. HENCE, THIS MOST HUMBLE PETITION. It is submitted for your gracious consideration that the act of the said police is totally against to Law, in filing a false B-Report that no offence was kidnapping took place. The police.thereby have acted in active collusion with the principle and teachers of the said college i.e., the said Joseph Jeorge and his accomplishes and having got from them illegal gratification and therefore having made wrongful gain which by itself is an offence punishable under Law.

The said police has failed to realize that the wrongfully confining a person he is even violative of human right, apart from the Fundamental Right Of Movement guaranteed under the Constitution. Hence, the said act of the police is unconstitutional. This and the incidents like this is clearly indicative of the Lawlessness prevailing in the state of Kerala and the high handed acts of the police under the pretext or refuge of Law and further that the police have the lease to regard for Law and or taking Law in their own hands. This incident further clearly shows that the said police have failed to understand and duly appreciate that the said college was founded by my client with the altruistic motive and with the object to lawfully propagate his Faith and for that purpose, my client and his wife and other friends have sacrificed their comfort, time, energy and money and therefore my client has the right not only to seek for proper accounts and administration of the said college and the funds and properties but also the income arising there from. Therefore the police should have given proper appreciation of the above facts and the attempt of the said Joseph Jeorge and his accomplishes to illegally misappropriate the funds and properties of the said college.

As my client is residing in New York, taking advantage of the absence of my Client, his wife and other Directors of the said college and there consequent inability to administer the day-to-day affairs of the said college, thus the principal and the teachers of the said college (i.e., the said Joseph Jeorge and his accomplishes) have ventured in their obnoxious and evil design to engulf the properties and income there from for their own benefit. The said Acts of the said police in filing a deliberate, false, concocted , illegal and baseless report before the said Magistrate stirs the conscience of any well-thinking human being.

As my Client resides out of India and the matter in issue has occurred within India and in the State of Kerala and therefore it being proper so to do, I, with the instruction of my client, hereby appeal to your good and benevolent offices to intervene and prevail upon the Govt. of Kerala to seek that the culprits or brought to book and severely punished.

In the above circumstances, I respectfully beseech your Benevolent Self to prevail upon the Govt. of Kerala to take appropriate action against the said Station House Officer and other police officials of the said Manuthi Police Station, Trissure, Kerala to dispense with their services for their not taking any action on the complaint of my client and filing before the Magistrate, Trissure a false report in the matter and to take appropriate legal action against the said police officials.

For your act of kindness,
I remain Yours
(S.G.RAO)




## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്.ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ആടിനെ പട്ടിയാക്കുന്നവർ



ആടിനെ പട്ടിയാക്കുക എന്നൊരു ചൊല്ലുണ്ട്. തമ്മിൽ ബന്ധമില്ലാത്ത കാര്യങ്ങളെ ദുർവ്യാഖ്യാനത്തിലൂടെ ബന്ധപ്പെടുത്തുന്നതിനാണ് ഇങ്ങനെ പറയുന്നത്. ആടും പട്ടിയും ഒന്നാണെന്ന് തെളിയിക്കാൻ എളുപ്പമാണ്. ആടിനും പട്ടിക്കും തലയുണ്ട്. ആടും പട്ടിയും മൃഗമാണ്. രണ്ടിനും വാലുണ്ട്. നാലു കാലുണ്ട്. വായുണ്ട്. രണ്ടു കണ്ണുകൾ വീതമുണ്ട്. ശരീരം നിറയെ രോമമുണ്ട്. ഇവ വളർത്തുമൃഗങ്ങളാണ്. അങ്ങനെ കുറച്ചധികം സാമ്യങ്ങൾ ചൂണ്ടിക്കാട്ടാം. അതുകൊണ്ട് ആടും പട്ടിയും ഒന്നാണ്. പ്രജാപതിയെ ചിലർ ക്രിസ്തുവാക്കുന്നത് ഈ വിധത്തിലാണ്.

ഇതേ വിദ്യ പ്രയോഗിച്ച് കായംകുളം കൊച്ചുണ്ണിയെ ക്രിസ്തുവാക്കാം. കൊച്ചുണ്ണി എന്നാൽ കൊച്ച് ഉണ്ണി, ചെറിയ ഉണ്ണി എന്നർത്ഥം. നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു എന്ന് യേശുവിനേക്കുറിച്ചു പ്രവചനമുണ്ടല്ലോ. ഇടയൻമാർ ബത്‌ലഹേമിലെത്തി ആ കൊച്ച് ഉണ്ണിയെ നേരിൽ കാണുകയും ചെയ്തു. കായംകുളം എന്നത് കായത്തിന്റെ കുളമാണ്. കായം കറിക്ക് രസമുണ്ടാക്കുന്നു. കർത്താവ് ഉപ്പിനേക്കുറിച്ചു പറഞ്ഞതുപോലെ കായത്തിന്റെ കാര്യവും. കായം ചേർക്കാത്ത രസം ഒന്നിനും കൊള്ളില്ല. ദൈവ പൈതലേ, നിന്റെ ജീവിതത്തിൽ കായമില്ലെങ്കിൽ നിന്റെ ജീവിതം രസമില്ലാത്തതാകും. യേശു വെറും കായമല്ല കായത്തിന്റെ കുളമാണ്. യേശുക്രിസ്തു പടകിൽ സഞ്ചരിച്ചിരുന്നതുപോലെ കൊച്ചുണ്ണിയും പടകിൽ സഞ്ചരിച്ചിരുന്നു. ഇരുവർക്കും സാധുക്കളോട് വലിയ കരുണയായിരുന്നു. ഉള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ എന്നതായിരുന്നു ഇവരുടെ പ്രമാണം. ഇരുവരും സ്വന്തം സ്നേഹിതരാൽ ഒറ്റിക്കൊടുക്കപ്പെട്ടു. ഒറ്റിക്കൊടുത്തവർക്ക് ദുർമ്മരണം ഉണ്ടാകുകയും ചെയ്തു. രണ്ടുപേരും കള്ളൻമാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു. ഇരുവരും ഇപ്പോൾ ഇതിഹാസ പുരുഷൻമാരാണ്. കായംകുളം കൊച്ചുണ്ണിയും കർത്താവായ യേശുക്രിസ്തുവും ഒന്നാണെന്നതിന് ഇതിൽ കൂടുതൽ തെളിവെന്തിന്?

എം.സി.റോഡ് യേശുക്രിസ്തുവാണെന്ന് തെളിയിക്കാമോ? സംശയം വേണ്ട, തെളിയിക്കാം. യേശു പറഞ്ഞു: ഞാൻ വഴിയാകുന്നു. എം.സി റോഡ് – മെയിൻ സെൻട്രൽ റോഡ്. മദ്ധ്യത്തിലൂടെ പോകുന്ന പ്രധാന റോഡ്. ഉല്പത്തി മുതൽ വെളിപ്പാടു വരെ നീണ്ടുപോകുന്ന റോഡാണ് ഈ മെയിൻ സെൻട്രൽ റോഡ്. കേരളത്തിന്റെ ജീവനാഡിയാണിത്. അതുപോലെ യേശുവും സഭയുടെ ജീവനാണ്. അങ്കമാലിയിലാണ് എം.സി.റോഡിന്റെ ആരംഭം. അങ്കം എന്നു പറഞ്ഞാൽ യുദ്ധം. യുദ്ധത്തിൽ ആരംഭിച്ച് അനന്തന്റെ – അന്തമില്ലാത്തവന്റെ – പുരിയിലേക്ക് – പട്ടണത്തിലേക്ക് പോകുന്നൂ എം.സി. റോഡ്. യുദ്ധത്തിൽ നിന്നും സമാധാനത്തിലേക്ക്, ആദ്യനും അന്ത്യനുമായ ദൈവത്തിലേക്ക് നമ്മെ എം.സി.റോഡ് നയിക്കുന്നു. ഈ ലോകത്ത് നൂറുകണക്കിനു റോഡുകളുണ്ട്. പക്ഷേ യുദ്ധത്തിൽ നിന്നും സമാധാനപ്രഭുവിലേക്ക് – അനന്തന്റെ പുരിയിലേക്ക് നയിക്കുന്ന ഏക റോഡേയുള്ളൂ – എം.സി.റോഡ്. പ്രിയ സ്നേഹിതാ, നീ മറ്റു റോഡുകൾ വിട്ട് എം.സി.റോഡിൽ വരണം. എങ്കിലേ നീ അനന്തന്റെ പുരിയിലെത്തൂ. (പോരേ പൂരം).

ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കുമോ എന്ന് ചോദിക്കുന്നവരുണ്ടാകാം. അങ്ങനെയുള്ളവർ ദേശീക പതാകയ്ക്ക് ജനപ്രിയ പ്രസംഗകനായ കെ.എ.ഏബ്രഹാം കൊടുത്ത വ്യാഖ്യാനം അദ്ദേഹത്തിന്റെ സ്വന്തം വാചകത്തിൽ കേൾക്കൂ: ''ഇനി ത്രിവർണ്ണപതാക. മുകളിൽ കുങ്കുമം. അടിയിൽ പച്ച. നടുക്കു വെള്ള. എന്താ കുങ്കുമം? ധീരതയേയും ത്യാഗ സന്നദ്ധതയേയും സൂചിപ്പിക്കുന്നു. അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവനാണ് മോളി കാണുന്ന ഈ കുങ്കുമം. ഈ താഴെ കാണുന്ന പച്ച അതല്ല. അത് സസ്യസമ്പൂർണ്ണമായ ഭാരതഭൂമിയുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നു. എന്നു പറഞ്ഞാൽ ഇച്ചിര കാശും പുത്തനുമൊക്കെയുള്ള ആൾക്കാരാ പച്ച. പിടികിട്ടിയോ? പക്ഷേ നടുക്കത്തെ വെള്ളയുണ്ടല്ലോ, അതു നമ്മളാ. ഹല്ലേലൂയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുന്നു. വെള്ള നടുക്കു വന്നതിനാൽ ദൈവത്തെ വാഴ്ത്തുകയാണ്. ദേശീയപതാകയുടെ നടുക്ക് വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. തീർന്നില്ല. ഈ ചക്രമുണ്ടല്ലോ, ഈ അധികാരത്തിന്റെ ചിഹ്നം, അശോകചക്രം. അതു വെള്ളേലാ. അതു പച്ചയ്ക്കും കൊടുത്തില്ല, കുങ്കുമത്തിനും ദൈവം കൊടുത്തില്ല, വെള്ളയ്ക്കാ തന്നത്, ഗ്ലോറീ. ഇനി കേക്കണോ, അശോകചക്രമെന്നാ അതിന്റെ പേര്. ശോകം-ദു:ഖം. അശോകം-ദു:ഖം മാറുമെന്ന്. അപ്പോൾ ദു:ഖം മാറണെങ്കിൽ വെള്ളേൽ വരണമെന്ന്. നീ പച്ചയാണേലും വരണം. കുങ്കുമമാണേലും ദു:ഖം മാറണമെങ്കിൽ വെള്ളേൽ വരണം, ഹല്ലേലുയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുകയാണ്. അതു മനസ്സിലായവർക്കായി ഞാൻ ദൈവത്തെ വാഴ്ത്തുകയാണ്. ഇന്നു രാത്രി നീ വെള്ളയിൽ വരണം. അതിന്റെ യർത്ഥം യേശുവിൽ വരണം, യേശുവിൽ വരാതെ നിനക്കു പ്രകാശം കിട്ടുകയില്ല. പ്രെയ്സ് ദ ലോഡ്, ആമേൻ''.







RNI No. 68089 / 97
2007 December 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കെ.എ.ഏബ്രഹാമിന്റെ കത്ത് അല്പം താമസിച്ചുപോയി

കഴിഞ്ഞയാഴ്ച കെ.എ.ഏബ്രഹാമിന്റെ ഒരു കത്ത് ഡിഫെൻഡർ ഓഫീസിൽ ലഭിക്കയുണ്ടായി. അതിന്റെ ഉള്ളടക്കം ഇതായിരുന്നു:

ദേശീയപതാകയേക്കുറിച്ചു ഞാൻ പരാമർശിച്ചതിൽ തെറ്റു സംഭവിച്ചിട്ടുണ്ട്. തീർച്ചയായും സമ്മതിക്കാം. ഞാൻ അതു തിരുത്താം. 2004 ആഗസ്റ്റ് 8ന് പ്രസംഗിച്ച പ്രസംഗത്തിലാണ് അതുള്ളത്. എന്റെ പ്രസംഗങ്ങളിൽ കഴിഞ്ഞ നാളുകളിൽ ചില വ്യാഖ്യാന പിശകുകൾ വന്നിട്ടുണ്ട്. അതു തിരുത്തി മുൻപോട്ടു പോകുവാൻ ആഗ്രഹിക്കുന്നു. തെറ്റുകൾ കാണിച്ചു തന്നതിന് നന്ദി പറയുന്നു.

ഹൈറേഞ്ചിൽ ജനിച്ച് 8-10 ക്ലാസ്സിൽ പഠിക്കുമ്പോൾ മുതൽ രണ്ടര രൂപാ ദിവസക്കൂലിക്ക് കല്ലുചുമന്ന് തുടങ്ങിയതാണ് ജീവിതം. വളരെ കഷ്ടപ്പെട്ട് കൂലിപ്പണി ചെയ്ത് വളർന്നു. കർത്താവിനെ കണ്ടുമുട്ടി. ഒത്തിരി അറിവും ബുദ്ധിയും ഒന്നുമില്ല. തെറ്റുകൾ ഉണ്ട്. സാറിന്റെ വിമർശനങ്ങൾ അതിന്റെ പോസിറ്റീവ് സെൻസിൽ ഞാൻ എടുക്കാം. ദയവായി സ്വന്തം സഹോദരനായി കണ്ട് എന്നേയും കുടുംബത്തേയും സ്നേഹിക്കുക. എന്നേക്കുറിച്ചുള്ള പരാമർശങ്ങൾ അവസാനിപ്പിക്കുവാൻ അപേക്ഷിക്കുന്നു. എന്ന് കെ.എ.ഏബ്രഹാം.

അടിയും കൊണ്ടു, പുളിയും കുടിച്ചു, പിഴയും അടച്ചു എന്നൊരു ചൊല്ലുണ്ട്. കെ.എ.ഏബ്രഹാമിന്റെ കാര്യത്തിൽ സംഭവിച്ചത് ഇതാണ്. വിശദീകരിക്കാം:

അഞ്ചപ്പംകൊണ്ട് കർത്താവ് അയ്യായിരം പേരേ പോഷിപ്പിച്ച സംഭവത്തിന് ചവർ ചാനലിൽ കെ.എ ഏബ്രഹാം കൊടുത്ത വ്യാഖ്യാനം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ ശ്രദ്ധയിൽ പെട്ടതു മുതലാണ് പ്രശ്നം ആരംഭിച്ചത്. ഈ വിഷയത്തേക്കുറിച്ച് ഞാൻ കെ.എ.ഏബ്രഹാമുമായി സംസാരിച്ചെങ്കിലും ധിക്കാരത്തോടെയുള്ള മറുപടിയാണ് ലഭിച്ചത്. കെ.എ.ഏബ്രഹാമിന്റെ തെറ്റു തിരുത്താൻ ഞാൻ പലവട്ടം ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ബാലൻ പറയുന്നതാണ് ശരിയെന്ന് എങ്ങനെ പറയാം എന്നതായിരുന്നു കെ.എ.ഏബ്രഹാമിന്റെ ചോദ്യം. ഈ പ്രസംഗങ്ങളൊക്കെ കെ.എ.ഏബ്രഹാം നൂറുകണക്കിനു സ്റ്റേജുകളിൽ പ്രസംഗിച്ചെന്നും സഭാനേതാക്കൻമാരുൾപ്പെടെയുള്ളവർ ഇതിനെതിരെ ഒരു വാക്കുപോലും പറഞ്ഞില്ലെന്നും കെ.എ.ഏബ്രഹാം വ്യക്തമാക്കി. നേതാക്കൻമാർ പോലും അംഗീകരിച്ച ഈ പ്രസംഗങ്ങൾ തിരുത്താൻ തയ്യാറല്ല എന്നതായിരുന്നു കെ.എ.ഏബ്രഹാമിന്റെ നിലപാട്.

ഞാൻ കെ.എ.ഏബ്രഹാമിനെതിരെ എഴുതുന്നത് നിർത്തിക്കാൻ പല അടവുകളും കെ.എ.ഏബ്രഹാം പയറ്റി. അളിയൻമാരേക്കൊണ്ട് ഭീഷണിപ്പെടുത്തിച്ചു. എന്റെ സ്നേഹിതരെ സ്വാധീനിക്കാൻ ശ്രമിച്ചു. എന്നെ പരോക്ഷമായി വിമർശിച്ച് പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. അതിനിടയിലാണ് പതാകപ്രസംഗം വിവാദമായത്. മനോരമയിൽ



ഈ വിഷയം പരാമർശവിധേയമായി. ക്രൈസ്തവചിന്തയിലും വാർത്ത വന്നു. പ്രശ്നം ഗുരുതരമാകുമെന്ന് വ്യക്തമായതോടെ ക്ഷമാപണവുമായി എത്തിയിരിക്കയാണ്. പക്ഷേ ഇവിടേയും കെ.എ.ഏബ്രഹാം കള്ളം പറയുന്നു. 2004 ആഗസ്റ്റ് 8ന് മാത്രമല്ല നൂറു കണക്കിനു സ്റ്റേജുകളിൽ ഈ വിഡ്ഢിത്തം കെ.എ.ഏബ്രഹാം പ്രസംഗിച്ചിട്ടുണ്ട്. എങ്കിലും തെറ്റു പറ്റിയെന്ന് സമ്മതിച്ചതുകൊണ്ട് പതാകപ്രശ്നം ഇവിടെ അവസാനിപ്പിക്കയാണ്. ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഞാൻ കൊടുത്തിട്ടുള്ള കേസ്സിൽ മേൽനടപടി സ്വീകരിക്കുന്നതല്ല.

പക്ഷേ കെ.എ.ഏബ്രഹാമിനെ വിമർശിക്കുന്നത് പൂർണ്ണമായി ഒഴിവാക്കാൻ ഈ കത്ത് മതിയായതല്ല. കാരണം:

1. കെ.എ.ഏബ്രഹാം വിഡ്ഢിത്തം പ്രസംഗിക്കുന്നത് തുടരുകയാണ്. പണ്ട് മിനിട്ടിന് ഒരു വിവരക്കേട് എന്ന ക്രമത്തിനായിരുന്നു പ്രസംഗം. ഇപ്പോൾ അത് അല്പം കുറഞ്ഞു. അഞ്ചു മിനിട്ടിന് ഒരു വിഡ്ഢിത്തം എന്നതാണ് ഇപ്പോഴത്തെ ക്രമം. ദൈവവചനമെന്ന പേരിൽ ശുദ്ധ വിഡ്ഢിത്തം പ്രസംഗിക്കുന്നതു കേട്ട് മിണ്ടാതിരിക്കാൻ പറ്റില്ല. അതുകൊണ്ട് വിവരക്കേടു പ്രസംഗിക്കുന്നത് കെ.എ.ഏബ്രഹാം നിർത്താതെ വിമർശനം നിർത്താനാവില്ല. വിമർശിക്കാൻ വിഷയമില്ലാതാകുമ്പോൾ വിമർശനം താനെ നിന്നു പോകുമെന്നർത്ഥം.

2. കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവാണ് മത്തായിക്കുട്ടി എന്ന കുപ്രസിദ്ധ പ്രകൃതിവിരുദ്ധൻ. ഇയാളുടെ ദുഷ്ക്കാമവൃത്തിയുമായി കെ.എ.ഏബ്രഹാമും സഹകരിച്ചിട്ടുണ്ടെന്ന് എന്റെ അന്വേഷണത്തിൽ വ്യക്തമാകുകയും ചെയ്തു. പ്രകൃതിവിരുദ്ധ ബന്ധങ്ങളിൽ ഏർപ്പെടുന്നവരെ ആ വൃത്തികേടിന്റെ ഭൂതം പിടികൂടും. പിന്നീട് അവർ ഇത്തരം ബന്ധങ്ങളിലൂടെ ഈ തരത്തിലുള്ള ഭൂതങ്ങളെ മറ്റുള്ളവരിലേക്കു കൈമാറും. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്. തെറ്റ് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ഭൂതത്തിന്റെ കൈയ്യിൽ നിന്നും കെ.എ.ഏബ്രഹാം രക്ഷപ്പെടുന്നതുവരെ എനിക്ക് കെ.എ.ഏബ്രഹാമിനെ അപകടകാരിയായി മാത്രമേ കാണാൻ കഴിയൂ. മത്തായിക്കുട്ടിയെ തള്ളിപ്പറയുകയും മത്തായിക്കുട്ടിയുമായി പ്രകൃതിവിരുദ്ധ ബന്ധങ്ങളിൽ ഏർപ്പെട്ടതിന് ദൈവത്തോടും മനുഷ്യനോടും ക്ഷമായാചനം നടത്തുകയുമാണ് പോംവഴി. അതു ചെയ്യാതെ പ്രകൃതിവിരുദ്ധ പ്രശ്നം തീരുകയില്ല.

3. ഇതുവരെ ഞാൻ എഴുതിയിട്ടില്ലാത്ത ഒരു പ്രശ്നംകൂടിയുണ്ട്. കെ.എ.ഏബ്രഹാം വിവരദോഷിയാണെന്നും മത്തായിക്കുട്ടിയുമായി പ്രകൃതിവിരുദ്ധ ബന്ധമുള്ളവനാണെന്നും അറിഞ്ഞിരുന്നു. എന്നാൽ ഇയാൾ വ്യഭിചാരികൂടിയാണെന്ന് ഈയിടെ അറിയാനിടയായി. പത്തു വർഷത്തോളം മുൻപു നടന്ന ഒരു സംഭവമാണ് അവയിലൊന്ന്. അത്ര പഴക്കമില്ലാത്ത ഒരു കോഴഞ്ചേരി സംഭവമാണ് മറ്റൊന്ന്. ഇവ രണ്ടും വിശ്വസനീയം തന്നെ. പക്ഷേ വിശദാംശങ്ങൾ ശേഖരിക്കുന്നതേയുള്ളൂ. മാത്രമല്ല, സംഭവങ്ങൾ രണ്ടേയുള്ളോ എന്നും അറിയണമല്ലോ. വിശദ വിവരം ലഭിച്ചശേഷം ഡിഫെൻഡറിൽ വാർത്ത പ്രസിദ്ധീകരിക്കുന്നതാണ്.

ഹൈറേഞ്ചിൽ ജനിച്ചു വളർന്നതും കൂലിപ്പണി എടുത്തതും മറ്റും വിവരക്കേടു പ്രസംഗിക്കുന്നതിനുള്ള ന്യായീകരണമല്ല. ദൈവവചനം പ്രസംഗിക്കുന്നവർ ദൈവവചനം പഠിക്കണം. അറിയാവുന്നതു മാത്രം പ്രസംഗിക്കണം. അറിഞ്ഞുകൂടാത്തത് പ്രസംഗിക്കുമ്പോഴാണ് വിഡ്ഢിത്തം പറയേണ്ടതായി വരുന്നത്.

യഹോവയ്ക്കുവേണ്ടി വാളേന്തുമ്പോൾ അപ്പനെന്നോ സഹോദരനെന്നോ സ്നേഹിതനെന്നോ നോക്കാൻ പറ്റില്ല. അതുകൊണ്ട് കെ.എ.ഏബ്രഹാം എന്റെ യഥാർത്ഥ സഹോദരനാണെങ്കിലും വിമർശിക്കതന്നെ ചെയ്യും.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan